"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

## കേരള സർക്കാർ

### സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ്- പിറവന്തൂർ ഗ്രാമ പഞ്ചായത്തിന്റെ 'എൽ.പി/യുപി സ്കൂളുകൾക്ക് ഡിജിറ്റൽ ബോർഡും പ്രൊജക്ടറും' പദ്ധതി എയിഡഡ് സ്കൂളുകൾക്ക് അനുവദിക്കുന്നതിനും 'സ്കൂളുകൾക്ക് മൈക്ക് സെറ്റ്'പദ്ധതി പഞ്ചായത്തിലെ എല്ലാ സ്കൂളുകളിലും നടപ്പാക്കുന്നതിനും – പ്രത്യേകാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

### തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്

സ.ഉ.(സാധാ) നം.2331/2019/ത.സ്വ.ഭ.വ. തീയതി,തിരുവനന്തപുരം, 22/10/2019

---

പരാമർശം:- 1 പിറവന്തൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 02.07.2019ലെ കത്ത്

2 വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റിയുടെ 26.09.2019ലെ യോഗത്തിലെ 4.18 നമ്പർ തീരുമാനം

### ഉത്തരവ്

1. പിറവന്തൂർ ഗ്രാമ പഞ്ചായത്തിന്റെ 'എൽ.പി യുപി സ്കൂളുകൾക്ക് ഡിജിറ്റൽ ബോർഡും പ്രൊജക്ടറും' (പ്രൊജക്ട് നം.102/19-അടങ്കൽ 4,60,000/-രൂപ) എന്ന പ്രൊജക്ട് പ്രകാരം എല്ലാ സർക്കാർ എൽപി/ യുപി സ്കൂളുകൾക്കും ഡിജിറ്റൽ ബോർഡും പ്രൊജക്ടറും വാങ്ങി നൽകിയതിനു ശേഷം ബാക്കിയുള്ള തുക ഉപയോഗിച്ച് എയിഡഡ് സ്കൂളുകൾക്കും ഇവ നൽകാൻ അനുമതി അഭ്യർത്ഥിച്ചും 'സ്കൂളുകൾക്ക് മൈക്ക്സെറ്റ്'( പ്രൊജക്ട് നം.103/19 (അടങ്കൽ 2,00,000/- രൂപ)) എന്ന പദ്ധതി പഞ്ചായത്ത് പ്രദേശത്തെ മുഴുവൻ സ്കൂളുകൾക്കും നടപ്പാക്കുന്നതിന് അനുമതി ആവശ്യപ്പെട്ടും പിറവന്തൂർ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് പരാമർശം 1 പ്രകാരം കത്ത് നൽകിയിരുന്നു.

2. മേൽ വിഷയം സംബന്ധിച്ച് പരാമർശം 2ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റി തീരുമാനപ്രകാരം ചുവടെ ചേർക്കുന്ന ഉത്തരവ് പുറപ്പെടുവിക്കുന്നു.

1. ഗ്രാമ പഞ്ചായത്തിലെ എല്ലാ സർക്കാർ എൽപി/യുപി സ്കൂളുകൾക്കും ഡിജിറ്റൽ ബോർഡും പ്രൊജക്ടറും വാങ്ങി നൽകിയതിനു ശേഷം എയിഡഡ് സ്കൂളുകൾക്കും കൂടി ഇവ നൽകുന്നതിന് വകുപ്പിൽ നിന്ന് ഇത് നൽകിയിട്ടില്ല എന്ന് ഉറപ്പാക്കി ഇരട്ടിപ്പൊഴിവാക്കണമെന്ന വ്യവസ്ഥയോടെ പ്രത്യേക അനുമതി നൽകുന്നു.

2. പഞ്ചായത്ത് പ്രദേശത്തെ മുഴുവൻ എൽപി/യുപി സ്കൂളുകൾക്കും മൈക്ക് സെറ്റ് എന്ന പ്രൊജക്ട് നടപ്പിലാക്കുന്നതിന് പ്രത്യേകാനുമതി നൽകുന്നു.

File No.LSGD-DB2/279/2019-LSGD

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

പാറ്റ്സി സ്റ്റീഫന്

ജോയിന്റ് സെക്രട്ടറി

പകർപ്പ്

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

ഡയറക്ടർ, പൊതു വിദ്യാഭ്യാസ വകുപ്പ്, തിരുവനന്തപുരം

പ്രസിഡന്റ്/ സെക്രട്ടറി, പിറവന്തൂർ, ഗ്രാമ പഞ്ചായത്ത്, കൊല്ലം

ജില്ലാ പ്ലാനിംഗ് ഓഫീസർ, കൊല്ലം

അക്കൗണ്ടന്റ് ജനറൽ (എ&ഇ/ ഓഡിറ്റ്) തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ